മത്സ്യക്കയറ്റുമതി

191 (4815) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യക്കയറ്റുമതി രംഗത്ത് സംസ്ഥാനത്തിന്റെ പങ്ക് എത്ര ശതമാനമാണെന്ന് അറിയിക്കുമോ ;

(ബി) 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ ഈ രംഗത്ത് ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) മത്സ്യബന്ധന തുറമുഖങ്ങളിലും ഫിഷ് ലാന്റിംങ്ങ് സെന്ററുകളിലും ശുചിത്വം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഗുണമേന്മയുള്ള കയറ്റുമതി ലക്ഷ്യം വെച്ച് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പു സാമ്പത്തിക വർഷം സർക്കാർ ലക്ഷ്യമിടുന്നത് ; വ്യക്തമാക്കുമോ ;

(ഇ) ഈ മേഖലയുടെ സമഗ്രമായ ഉന്നമനം കണക്കിലെടുത്ത് എക്സ്പോർട്ട് ഇൻസ്പെക്ഷൻ കൗൺസിലിന്റെ നിബന്ധനകൾ കർശനമായി പാലിക്കുന്നതിനും സുസ്ഥിരമായ വിജയം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മത്സ്യക്കയറ്റുമതി രംഗത്തെ സംസ്ഥാനത്തിന്റെ കയറ്റുമതിയുടെ ശതമാനം ചുവടെ ചേർക്കുന്നു.

വർഷം	2006-07	2007-08	2008-09	2009-10
കയറ്റുമതിയുടെ ശതമാനം	17.73	18.52	16.72	15.82

(ബി) പ്രസ്തുത കാലയളവിൽ കയറ്റുമതിയുടെ അളവിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. 2007-08 ൽ ചെറിയ തോതിൽ കുറവും മറ്റു വർഷങ്ങളിൽ ചെറിയ തോതിൽ വർദ്ധനവും ഉണ്ടായിട്ടുണ്ട്.

വർഷം	2006-07	2007-08	2008-09	2009-10
അളവ് ടണ്ണിൽ	108617	100318	100780	107183
വ്യതിയാനം ശതമാനത്തിൽ		-7.64	0.46	6.35

LIBRARY ARCHIVES Kerala Legislative Assembly

(സി) മത്സ്യബന്ധന തുറമുഖങ്ങളിലും ഫിഷ് ലാന്റിംഗ് സെന്ററുകളിലും ശുചിത്വ. നിലവാരം മെച്ചപ്പെടുത്തുക, കയറ്റുമതിക്കുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നീ ഉദ്ദേശ്യങ്ങളോടെ കേരളത്തിലെ മുനമ്പം, ബേപ്പൂർ, പുതിയാപ്പ എന്നീ 3 ഹാർബറുകൾ ഉൾപ്പെടെ ഇന്ത്യയിലെ 19 ഫിഷിംഗ് ഹാർബറുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതി നടപ്പു പഞ്ചവത്സര പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഫ്ളേക്ക് ഐസ്/ട്യൂബ് ഐസ് നിർമ്മാണത്തിനുള്ള മെഷീനുകളും മത്സ്യം സൂക്ഷിക്കുന്നതിനുള്ള ശീതസംഭരണ മുറികളും ഈ ഹാർബറിൽ നിർമ്മിക്കുന്നുണ്ട്.

ലേലപ്പുരയിൽ പക്ഷികൾ കയറാതിരിക്കാനുള്ള നെറ്റ് ഘടിപ്പിക്കൽ, ലേലപ്പുരയുടെ തറ നവീകരിക്കൽ, വശങ്ങൾ കവറിംഗ്, കോൺക്രീറ്റ് പ്രതലത്തോടെ ലോഡിംഗ് ഏരിയ നവീകരിക്കൽ, ശുദ്ധജലവിതരണം, ഡ്രെയിനേജ്, വേസ്റ്റ് ഡിസ്പോസൽ, വൈദ്യുതീകരണം എന്നിവ മെച്ചപ്പെടുത്തൽ തുടങ്ങിയവ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏർപ്പാടാക്കി വരുന്നു.

(ഡി) കായംകുളം പുതിയാപ്പ മത്സ്യബന്ധന തുറമുഖങ്ങളിൽ യഥാക്രമം 259 ലക്ഷം, 280 ലക്ഷം എന്നീ തുകകളുടെ നവീകരണ പ്രവൃത്തികൾ എൻ.എഫ്.ഡി.ബി.യുടെ ധനസഹായത്തോടെ നടപ്പാക്കിവരുന്നു. കൂടാതെ തങ്കശ്ശേരി, നീണ്ടകര, തോട്ടപ്പള്ളി, ചോമ്പാൽ, മാപ്പിളബേ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെയും ന്യൂമാഹി, ധർമ്മടം, മുനയ്ക്കക്കടവ്, വിഴിഞ്ഞം സൗത്ത് ഫിഷ് ലാന്റിംഗ് സെന്റർ എന്നീ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലുകൾ എൻ.എഫ്.ഡി.ബി.ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിനും അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ഇ) നവീകരണ പ്രവൃത്തികൾ യൂറോപ്യൻ യൂണിയൻ നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിർവ്വഹിച്ചുവരുന്നത്.

ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപടി

192 (4816) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് താഴെ പറയും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് സാമ്പത്തിക സാങ്കേതിക സഹായം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള മത്സ്യ കർഷക വികസന ഏജൻസികൾ വഴി മത്സ്യ/ആറ്റുകൊഞ്ച്/ചെമ്മീൻ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly